സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

June 2025
Vol. 1 Issue 4 pages 15-21

പാലൈ
PALAI பாலை
ISSN No: 3049-0316



# മതേതരാനന്തരവാദവും മാനവികതയും സ്ഥാപനവൽക്കരിക്കപ്പെട്ട സാമൂഹിക ബന്ധങ്ങളുടെ ആഖ്യാനം

**ഡോ. ദീപമോൾ മാത്യു***

**സംഗ്രഹം**

ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ 'അരികിൽ നീ വന്നിരിക്കു' എന്ന കഥയിൽ വിദ്യാഭ്യാസം, മതം, കുടുംബം, ലൈംഗികത തുടങ്ങിയ സമൂഹിക സ്ഥാപനങ്ങൾ വ്യക്തിയുടെ ജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്ന എന്നും പോസ്റ്റ് സെക്യുലറിസവും മാനവികതയും എങ്ങനെ ഈ കഥയിൽ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ടെന്നും ഈ പ്രബന്ധം പരിശോധിക്കുന്നു. പ്രത്യേകിച്ച് മതം ഒരു വ്യക്തിയുടെ സ്വാതന്ത്ര്യത്തെയും ലൈംഗികതയെയും എങ്ങനെ നിയന്ത്രിക്കുന്ന എന്നത് പ്രധാന ചർച്ചാവിഷയമാണ്. കഥയിലെ കഥാപാത്രങ്ങളായ അജ്മൽ ഹുസൈനും മുംതാസ് സുൽഫിയും തമ്മിലുള്ള ബന്ധത്തിലൂടെ, ആധുനിക സമൂഹത്തിൽ വ്യക്തി സ്വാതന്ത്ര്യവും മതവിശ്വാസവും തമ്മിലുള്ള സംഘർഷത്തെ കഥാകൃത്ത് അവതരിപ്പിക്കുന്നു.

**താക്കോൽവാക്കുകൾ:** പോസ്റ്റ്സെക്യുലറിസം - വിദ്യാഭ്യാസം - മതം - ലൈംഗികത - കുടുംബം.

## ആമുഖം

വിശ്വാസമോ യുക്തിയോ പൂർണ്ണമായും ആധിപത്യം പുലർത്താത്ത ഒരു ലോകത്തിൽ മതം, ആത്മീയത, മതേതര മൂല്യങ്ങൾ എങ്ങനെയൊക്കെ മനുഷ്യജീവിതത്തിൽ ഇടപെടുന്നുവെന്ന എന്നതിന്റെ സൈദ്ധാന്തിക അന്വേഷണമാണ് പോസ്റ്റ് സെക്യൂലറിസം. മതേതര/ആധുനിക ലോകമെന്ന തോന്നുന്ന, മതപരമായ ആശയങ്ങളുടെയും മൂല്യങ്ങളുടെയും തിരിച്ചുവരവിനേയോ തുടർച്ചയേയോ കൈകാര്യം ചെയ്യുന്ന, കഥാപാത്രങ്ങളേയോ സന്ദർഭങ്ങളെയോ ആണ് പോസ്റ്റ്-സെക്കുലർ സാഹിത്യം പലപ്പോഴും അവതരിപ്പിക്കുന്നത്. യുക്തിസഹവും മതേതരവുമായ ചിന്തകൾ നിലനിൽക്കുമ്പോഴും മതം ഇപ്പോഴും ആളുകളെ ശക്തമായി സ്വാധീനിക്കുന്ന ഘടകമായി ആവിഷ്കരിക്കപ്പെടുന്നുണ്ട്. എഴുത്തുകാർ തങ്ങളുടെ

* അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം, നിർമ്മലഗിരി കോളേജ്, കൂത്തുപറമ്പ്

 ISSN No: 3049-0316


കൃതികളിലൂടെ മതേതര വീക്ഷണങ്ങളുടെ പരിധികളെ ചോദ്യം ചെയ്യുകയും അതോടൊപ്പം വ്യക്തികൾക്കും സമൂഹത്തിനും ആത്മീയമോ മതപരമോ ആയ ആശയങ്ങൾ എത്രത്തോളം പ്രാധാന്യമർഹിക്കുന്നുവെന്ന് അന്വേഷിക്കുകയും ചെയ്യുന്നു. "പോസ്റ്റ് സെക്യുലർ ടേൺ" എന്ന് വിളിക്കപ്പെടുന്ന ഈ മാറ്റം വ്യത്യസ്ത വിശ്വാസങ്ങൾ നിലനിൽക്കുന്ന ഒരു ലോകത്ത് മതത്തിന്റെ പ്രാധാന്യം എത്രത്തോളമുണ്ടെന്ന് അന്വേഷിക്കുന്നു.

വിശ്വാസം, ആത്മീയത, മതേതര മൂല്യങ്ങൾ എന്നിവ തമ്മിലുള്ള സങ്കീർണ്ണമായ ബന്ധം ആവിഷ്കരിക്കുന്ന കൃതികൾ ഈ രീതിയിലുള്ള പുതിയ വായന സാധ്യമാക്കുന്നുണ്ട്. ഒപ്പം വിശ്വാസത്തെയും യുക്തിയെയും ഒരുമിച്ച് കൊണ്ടുവരുന്ന രണ്ട് വീക്ഷണങ്ങളാൽ രൂപപ്പെട്ട ഒരു ലോകത്ത് വിശ്വാസവും യുക്തിയും എങ്ങനെ നിലനിൽക്കുമെന്ന് ചിന്തിക്കാൻ കൂടി ഇത്തരം കൃതികൾ പ്രേരിപ്പിക്കുന്നു. മതേതരാനന്തര ചിന്ത പങ്കുവയ്ക്കുന്ന ഒരു കഥയാണ് ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ 'അരികിൽ നീ വന്നിരിക്കൂ' എന്നത് .

ആധുനികാനന്തര മലയാള ചെറുകഥകളിൽ വിഷയവൈവിധ്യവും അവതരണരീതിയും കൊണ്ട് വേറിട്ടുനിൽക്കുന്ന കഥാകൃത്താണ് ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്. അനുഭവ പരിസരങ്ങളെയും ചിന്താമണ്ഡലങ്ങളെയും കഥകളാക്കി പകർത്തി തീക്ഷ്ണമായ വായനാനുഭവം സമ്മാനിക്കുന്ന സിദ്ധിവൈഭവത്തിന്റെ ഉദാഹരണങ്ങളാണ് അദ്ദേഹത്തിന്റെ ഓരോ കഥകളും. നിസ്സഹായതയുടെ അടയാളപ്പെടുത്തലുകളും തേങ്ങലുകളുടെ തീരാത്ത വേട്ടയാടലുകളുമാണ് മിക്ക കഥകളുടെയും സത്ത. 1982 ലെ ആദ്യകഥയായ നിസ്സഹായൻ മുതൽ അരികിൽ നീ വന്നിരിക്കൂ എന്ന കഥയിൽ ഉൾപ്പെടെ ഈ നിസ്സഹായത മുദ്രിതമാണ്. ജീവിതത്തിന്റെ ബഹുസ്വരതയെ, അതിന്റെ സൂക്ഷ്മവും സ്ഥൂലവുമായ ഇടങ്ങളെ, വൈരുദ്ധ്യങ്ങളുടെ സങ്കലനത്തെ കഥയുടെ ഭൂമികയാക്കി മാറ്റിയ കഥയാണ് 2022 ഏപ്രിൽ 2 ന് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച 'അരികിൽ നീ വന്നിരിക്കൂ' എന്ന കഥ. മാജിക്കൽ റിയലിസമെന്ന സങ്കേതം ഫലപ്രദമായി ഉപയോഗിച്ചിട്ടുള്ള ഈ കഥയിൽ സാമൂഹിക ബന്ധങ്ങളുടെ സങ്കീർണതകളെ തുറന്നു കാണിക്കുന്നു. കുടുംബം, മതം, ലൈംഗികത, തൊഴിൽ എന്നീ സ്ഥാപനവൽക്കരിക്കപ്പെട്ട സങ്കേതങ്ങളെ വളരെ സൂക്ഷ്മമായി ഇവിടെ അവതരിപ്പിക്കുന്നു.

'അരികിൽ നീ വന്നിരിക്കൂ' എന്ന തലക്കെട്ടുതന്നെ, പറയാനും കേൾക്കാനും ചേർന്നിരിക്കുവാനും ചേർത്തിരുത്തുവാനും അതിയായി ആഗ്രഹിക്കുന്ന ഒരുപാട് മനുഷ്യരുടെ നിസ്സഹായതയും വേദനയുമാണ് ആവിഷ്കരിക്കുന്നതെന്നു വ്യക്തമാകുന്നുണ്ട്. അരികിലിരിക്കാനും അരികത്താരെങ്കിലും ഉണ്ടായിരിക്കുവാനും ആഗ്രഹിക്കുന്നവരാണ് മനുഷ്യൻ. അത് അവന്റെ അടിസ്ഥാനപരമായ ചോദനയാണ്. കുടുംബാംഗങ്ങളും മറ്റു സാമൂഹികാന്തരീക്ഷവും താൻ ആഗ്രഹിക്കുന്ന വിധം തന്റെ അടുത്തായിരിക്കാൻ ആഗ്രഹിക്കുന്ന ഒരാളുടെ കഥയാണിത്. വ്യവസ്ഥാപിത ഇടങ്ങൾ സമ്മാനിക്കുന്ന ആത്മനൊമ്പരങ്ങൾ ആത്മസംഘർഷത്തിലേക്കും ആത്മപരിശോധനയിലേക്കും നയിക്കുന്നു. ഇവയുടെയെല്ലാം ആന്തരികമായ ഉള്ളുരുക്കങ്ങളുടെയും പൊള്ളത്തരങ്ങളുടെയും അനാവശ്യവ്യഗ്രതയുടെയും മതാചാരങ്ങളുടെയും ഉള്ളിൽപ്പെട്ട് അകന്നുപോകുന്ന ജീവിതങ്ങളുടെ കഥയാണിത്.

തനിക്കേറ്റവും പരിചിത ജീവിതമേഖലയായ സ്വസമുദായം തന്നെയാണ് ഈ കഥയുടെ ഭൂമികയായി കഥാകൃത്ത് തിരഞ്ഞെടുത്തിരിക്കുന്നത്. നെഫ്രോളജിസ്റ്റ് ഡോ. അജ്മൽ ഹുസൈൻ, കോളേജ് അധ്യാപികയും അജ്മലിന്റെ ഭാര്യയുമായ മുംതാസ് സുൽഫി, മക്കൾ, അജ്മലിന്റെ അനുജൻ ഫൈസൽ എന്നീ കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിലൂടെയും ചിന്തകളിലൂടെയുമാണ് കഥാവതരണം.

## കുടുംബം/മതം/സ്ത്രീ

"കുടുംബം ഒരു ചെറിയ ഗോത്രമാണ്" (ജി. മധുസൂദനൻ. 2006 പു. 64) ഈ ഗോത്രഭാവം മനുഷ്യനുള്ളിൽ തന്നെയുള്ളതുകൊണ്ട് സഹജീവികളിൽനിന്ന് ഒറ്റപ്പെട്ട ഒരു ജീവിതം അവന് തരതമ്യേന അസാധ്യമാണ്. സ്ത്രീ-പുരുഷ ബന്ധത്തിലെ ഏറ്റവും ഹൃദയഹാരിയായ തലം കുടുംബത്തിന്റെ/ ദാമ്പത്യത്തിന്റേതാണ്. ദാമ്പത്യത്തിലെ അവസാനിക്കാത്ത പ്രണയമാണ് വീടിന്റെ ആത്മീയത. ശാന്തിയുടെ ശർക്കര നുണയുവാനായി കൊഴുത്ത ചവർപ്പുകൾ കുടിച്ചു വറ്റിക്കലാണ് ദാമ്പത്യജീവിതമെന്ന് ശിഹാബുദ്ദീൻ താജ്മഹലിലെ തടവുകാർ, ആകാശപേടകം, നഗരത്തിലെ കുയിൽ, കണ്ണാടിയിൽ

കാണാത്തത്, ജീവപര്യന്തം എന്നീ കഥകളിൽ അവതരിപ്പിക്കുന്നുണ്ട്. കുടുംബജീവിതത്തിന്റെ താളവും താളഭംഗവും അവയിലെ അന്തർധാരയാണ്. അരികിൽ നീ വന്നിരിക്കൂ എന്ന കഥയും ദാമ്പത്യ ജീവിതത്തിന്റെ കയറ്റിറക്കങ്ങളുടെ അരികു പിടിച്ച് മുന്നേറുന്നു.

മതങ്ങൾ മനുഷ്യരുടെ വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും സംവിധാനമാണ്. ഇത് ജീവിതത്തിന്റെ അർത്ഥം, നന്മ, തിന്മ, മരണാനന്തര ജീവിതം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ചിന്തകൾ നൽകുന്നവയുമാണ്. എന്നാൽ ശാസ്ത്രത്തെയും, യുക്തിയെയും, സാമാന്യബോധത്തെയുമൊക്കെ മറികടക്കുന്ന ഒന്നായി മതം മാറുന്ന കാഴ്ച ഈ കഥ സമ്മാനിക്കുന്നുണ്ട്. മതത്തിന് മാനവികവും ആചാരാനുഷ്ഠാനനിഷ്ഠവുമായ വശങ്ങളുണ്ട്. പലപ്പോഴും ആചാരപരമായ പഴമയെ മുറുകെപ്പിടിക്കുമ്പോൾ മനുഷ്യത്വവും മൂല്യങ്ങളും അവഗണിക്കപ്പെട്ടുപോകുന്നു.

ദൈവത്തെക്കുറിച്ച് അജ്മൽ ഹുസൈന്റെ കാഴ്ചപ്പാട് - അവനവന്റെ ഉള്ളിലുള്ള സ്നേഹത്തിന്റെ രൂപം - എന്നാണ്. അപരനെ കാണാനുള്ള കണ്ണാണ് ദൈവം. മാനവീയതയിൽ ഊന്നി നിൽക്കുന്നവയാണ് മതാനുഷ്ഠാനങ്ങൾ എന്നൊക്കെയാണ്. കഥാകൃത്തിന്റെ ഭാഷയിൽ പറഞ്ഞാൽ "ആത്മീയതയിൽ വിശ്വസിക്കുന്ന ആളാണ് ഞാൻ. ആത്മീയതയ്ക്ക് സത്യത്തിൽ മതം തന്നെയില്ല. കാരണം അത് ദൈവത്തെ മുതലാളിയായല്ല കാണുന്നത്. മനുഷ്യദൗർബല്യങ്ങളുള്ള ദൈവത്തെ അത് നിരാകരിക്കുന്നു. അന്യമതത്തെ വെറുക്കാൻ പറയുന്നിടത്ത് ആത്മീയതയില്ല. എല്ലാ വാതിലും തുറന്നിട്ട ഒരു വീട് സന്ദർശിച്ച് കടന്നുപോകുന്ന ഇളം തണുപ്പുള്ള കാറ്റാണത്. ആത്മീയത ചോദ്യം ചോദിക്കാൻ പ്രേരിപ്പിക്കുന്നു. മതം ചോദ്യം ചോദിച്ചവനെ അടിച്ചു കൊല്ലുന്നു. മതം മതിലുകൾ പണിയുന്നു. ആത്മീയത മതിലുകൾ പൊളിച്ചു കളയുന്നു. മതം ഞാനും നീയും എന്ന വാക്കിനെ സൃഷ്ടിക്കുന്നു. ആത്മീയത നമ്മൾ എന്ന വാക്കിനെ ഉണ്ടാക്കുന്നു. എന്റെ കഥകളിൽ ദൈവം നഷ്ടപ്പെട്ടുപോയതിനെ തിരയുന്നു. മുള്ളുവേലിയിൽ കുടുങ്ങിയതിനെ തേടാൻ ശ്രമിക്കുന്നു " (ഉപദ്ധ്വനി - 2020 പു. 32). ഈ കഥയിലെ നായകനായ അജ്മൽ ഹുസൈന്റെ ചിന്തകളും വാക്കുകളും കഥാകൃത്തിന്റേതു തന്നെയാണെന്ന് തോന്നിപ്പിക്കുന്ന നിരവധി സംഭാഷണങ്ങൾ ഈ കഥയിലുണ്ട്.

പ്രകടമായ മതാചാരങ്ങളിലോ അനുഷ്ഠാനങ്ങളിലോ വിശ്വസിക്കാത്തയാളാണ് കഥാനായകൻ. ഔപചാരികമായി ഉന്നത വിദ്യാഭ്യാസയോഗ്യതയുള്ള കോളേജ് അധ്യാപികയായ ഭാര്യ മുംതാസ് മതത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് സ്ത്രീയുടെ സഹജമായ ആഗ്രഹങ്ങളെയൊ സ്വപ്നങ്ങളെയോ സാക്ഷാത്കരിക്കാൻ ശ്രമിക്കാതെ മരണാനന്തരജീവിതത്തെ സ്വപ്നം കണ്ടുകൊണ്ട് ജീവിക്കുന്ന സമൂഹത്തിന്റെ പ്രതിനിധിയാണ്. വളരെ ഉയർന്ന ചിന്താശേഷിയും സ്വാതന്ത്ര്യബോധവുമുള്ള സ്ത്രീകൾ ഇല്ല എന്നല്ല, ഭൂരിപക്ഷ സമൂഹത്തിന്റെ പ്രതിനിധിയാണ് ഈ കഥയിലെ മുംതാസ് സുൽഫി. ജീവിതത്തിലെ എല്ലാ പ്രധാനപ്പെട്ട കാര്യങ്ങളും മുംതാസ് തീരുമാനിക്കുന്നത് മതവുമായി ബന്ധപ്പെടുത്തിയാണ്. ഭാര്യയും ഭർത്താവും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നിടത്തും സ്വാഭാവികമായി സംഭവിക്കേണ്ട ദാമ്പത്യജീവിതത്തിലെ ലൈംഗികതയിൽപോലും മുംതാസിന്റെ മതപരമായ നിലപാടുകൾ തടസ്സം സൃഷ്ടിക്കുന്നു. ശരീരകാമനകളെയും അതിന്റെ ആനന്ദത്തെയുമെല്ലാം അമർത്തി വയ്ക്കാൻ പ്രേരിപ്പിക്കുന്ന, മതനിയമങ്ങളെ അനുസരിക്കുന്ന കഥാപാത്രമാണ് മുംതാസെങ്കിൽ അതിനെ നിശിതമായി വിമർശിക്കുന്ന പരിഹസിക്കുന്ന കഥാപാത്രമാണ് അജ്മൽ. ദാമ്പത്യസന്തോഷങ്ങളെ ഇല്ലായ്മ ചെയ്യുന്ന അന്ധമായ മതവിശ്വാസങ്ങളെ ഈ കഥ വിചാരണ ചെയ്യുന്നുണ്ട്.

രതിലീലകൾക്കിടയിൽ ബാങ്ക് വിളി കേൾക്കുമ്പോൾ പാപബോധത്താൽ എഴുന്നേറ്റോടുന്ന ഭാര്യയുടെ ചിത്രം ദാമ്പത്യസ്നേഹം എങ്ങനെയാണ് പാപമാകുന്നതെന്ന ചോദ്യം ഉയർത്തുന്നുണ്ട്. സ്നേഹ സങ്കല്പങ്ങളുടെ ആർത്തനാദം ആയിട്ടാണ് ആ സന്ദർഭത്തെ കഥാകൃത്ത് വരച്ചിട്ടുന്നത്. കുഞ്ഞുങ്ങൾ ഉണ്ടാകുന്നതോടുകൂടി ഭാര്യാഭർതൃബന്ധത്തിൽ ഉണ്ടാകുന്ന വിള്ളൽ, പുരുഷനെ അവഗണിക്കുന്ന, നിസ്സഹായനാക്കുന്ന അവസ്ഥയും ഈ കഥ ചൂണ്ടിക്കാണിക്കുന്നു. ദാമ്പത്യം മക്കൾ ഉണ്ടാവുന്നതോടുകൂടി പൂർത്തിയാകുന്നതായി കരുതുന്ന സ്ത്രീകളുടെ ദാമ്പത്യ സങ്കൽപവൈകല്യത്തെയും ഈ കഥയിൽ പരാമർശിക്കുന്നുണ്ട്. യുവത്വത്തിന്റെ സൗന്ദര്യബോധങ്ങളെ നിഷേധിക്കുന്ന മതാചാരങ്ങൾ വ്യക്തിജീവിതങ്ങളിൽ ഉണ്ടാക്കുന്ന അസന്തുലിതാവസ്ഥയും ഇവിടെ വിചാരണ ചെയ്യപ്പെടുന്നുണ്ട്.

 ISSN No: 3049-0316


"വൈകി കിടന്ന ആ ആദ്യരാത്രി, രണ്ടര മണി കഴിഞ്ഞെന്നും പറഞ്ഞുവല്ലോ. നാലര സമയത്ത് ഭാര്യ വിളിക്കുന്നു. 'എഴുന്നേൽക്ക്.... വാങ്ക് കൊടുത്തു.' അയാൾ ഒന്നുമുരണ്ട് തിരിഞ്ഞു കിടന്നു. അവൾ വീണ്ടും വീണ്ടും കുലുക്കി വിളിക്കുന്നു. അയാൾ ഒരു വിധം കണ്ണുതുറന്നപ്പോൾ അവൾ പറഞ്ഞു." പോയി കുളിക്കൂ. സുബഹ് വാങ്ക് കൊടുത്തു." അയാൾ പറഞ്ഞു. "നീ നിസ്കരിച്ചോളൂ ...: " മുംതാസിന്റെ ജീവിതത്തിൽ അത് ഞെട്ടലുളവാക്കിയ സന്ദർഭമായിരുന്നു. അവൾ പലതവണ ചോദിച്ചു. നിങ്ങളെന്തേ നിസ്കരിക്കാത്തത്?

അയാൾ പറഞ്ഞു. "ഞാൻ നിസ്കരിക്കാറുണ്ട്. ആരും കാണാതെ നിസ്കരിക്കുന്നതാണെനിക്കിഷ്ടം..

അവൾ ഏത് സംഭാഷണത്തിനിടയിലും വിശുദ്ധ പുസ്തകത്തിലെ കാര്യങ്ങൾ ഉദ്ധരിക്കും. അയാൾ ഒരിക്കൽ പറഞ്ഞു..

"നീ വീട്ടിൽ നിന്റെ ഉമ്മയുടെ പ്രായമുള്ള വേലക്കാരി സ്ത്രീയെ പേരെടുത്ത് വിളിക്കുന്നതെന്തേ? "

അവൾ പറഞ്ഞു. അതിവിടുത്തെ പതിവാണ്. അതും നിസ്കാരവും തമ്മിലെന്ത് ?"

പെരുന്നാൾ ദിവസം അടുത്ത വീട്ടിലെ അമുസ്ലീങ്ങളെ വിളിക്കാത്തതെന്തേ?

അവൾ പറഞ്ഞു. "പണ്ടേ അങ്ങനെയിവിടെ പതിവില്ല"

അവനവന്റെ വീട്ടിൽ കോഴി ബിരിയാണി വെച്ച് അവനവൻ തന്നെ തിന്നുന്നതിൽ എന്ത് ആഘോഷമാ"?

വിശ്വമാനവികതയുടെ ദൃശ്യങ്ങൾ മേലുദ്ധരിച്ചതുപോലെ പല സന്ദർഭങ്ങളിലും കഥാകൃത്ത് അവതരിപ്പിക്കുന്നുണ്ട്. മതാനുഷ്ഠാനങ്ങൾ പലപ്പോഴും അവർക്കിടയിൽ മൗനമായ യുദ്ധക്കളങ്ങൾ സൃഷ്ടിച്ചുകൊണ്ടേയിരുന്നു. ചുരുക്കത്തിൽ മതവും മറ്റു സാമൂഹികാവസ്ഥകളും മനുഷ്യനെ മനുഷ്യനായി ജീവിക്കാൻ അനുവദിക്കാത്ത സാഹചര്യത്തെ പ്രതിനിധീകരിക്കുന്നതായി ഈ കഥയിൽ വായിച്ചെടുക്കാം.

അച്ഛനും അമ്മയും മക്കളുമടങ്ങുന്നതാണ് കുടുംബം. ഇവിടം മാനുഷികമൂല്യങ്ങളുടെ പാഠശാലകളാണെന്നാണ് പൊതുവിൽ പറയുന്നത്. ഈ കഥയിലെ കുടുംബത്തിലെ മക്കൾ പിതൃസ്നേഹം പൂർണാർഥത്തിൽ ലഭിക്കാത്തവരാണ്.

"ഓരോ വരവിലും മക്കൾ ഓടിയെത്തും. അയാളുടെ സ്നേഹലാളനകൾക്കായി. അതു മാത്രമല്ല, ഒരുപാട് കാര്യങ്ങൾ അയാൾക്ക് അവരോട് പറയാനുണ്ടായിരുന്നു. അവരുടെ ചോദ്യങ്ങൾക്കും അസാമാന്യമായ ശോഭയുണ്ടായിരുന്നു. ഒരുത്തിയുടെ ചോദ്യം ഇങ്ങനെ. "ഉപ്പാ, ഇപ്പോഴെന്താ ഡോക്ടർമാർ സ്റ്റെതസ്കോപ്പ് എടുക്കാത്തത്. സിനിമയിലല്ലേ കാണുന്നുള്ളൂ അത്."

അയാൾ ചിരിച്ചു. മക്കൾ വലുതായി ഡോക്ടറായാൽ സ്റ്റെതസ്കോപ്പെടുത്തോളൂ. അത് നല്ലതാണ്. അത് രോഗിയുടെ നെഞ്ചത്തുവയ്ക്കുമ്പോൾ ഒന്നും പറയാതെതന്നെ നമ്മൾ പറയുന്നതായി തോന്നും. പേടിക്കേണ്ടട്ടോ ഞാൻ കൂടെയുണ്ടെന്ന്. മക്കൾക്ക് അത് ശരിക്കും രസിച്ചു.

പുതിയ ചോദ്യങ്ങൾക്ക് വട്ടം കൂട്ടുമ്പോഴേക്കും പതിവുപോലെ അവൾ വന്ന് കുട്ടികളെ ശാസിച്ചു. "പഠിക്കാനൊന്നുമില്ലേ നിങ്ങൾക്ക് ?" കുട്ടികൾ അയാളെ ഒന്ന് ദയനീയമായി നോക്കി.

ഞാൻ കൂടെയുണ്ട് എന്ന വാക്കുകൾ നൽകുന്ന കരുതലും സ്നേഹവും എത്ര വിശാലമാണ് 'ഞാനും നീയും എന്ന രണ്ട് വ്യക്തികൾക്കുമപ്പുറം നമ്മൾ എന്നതിന്റെ അഭാവം.

രണ്ടുപേരും രണ്ട് ധ്രുവങ്ങളിലേക്കുള്ള യാത്രയ്ക്ക് വേഗം കൂട്ടുന്നതുപോലെ ഡോക്ടർക്ക് തോന്നി.

ആഴ്ചയിലൊരിക്കൽ വീട്ടിലെത്തിയിരുന്ന അജ്മൽ പിന്നീട് വീട്ടിലേക്കെത്തുന്നതിന്റെ ദൈർഘ്യം കൂടിക്കൂടി വന്നു. അരികിലിരിക്കാൻ ആരുമില്ലാത്ത ഒരുവന് വീട് ഒരു കെട്ടിടം മാത്രമാകുന്നു.

മതങ്ങളുടെ ഉല്പത്തി മുതൽ ഇന്നു വരെ മതത്തിന്റെ പ്രധാന ഇരകൾ സ്ത്രീകളാണ്. ഹിന്ദു, ഇസ്ലാം ക്രിസ്ത്യൻ എന്നിങ്ങനെ മതമേതായാലും ഭക്തകൾക്ക് കുറവില്ല. മതത്തിന്റെ ചട്ടക്കൂടുകളിൽ വളരെ വേഗം തളച്ചിടാൻ കഴിയുന്നവരാണ് സ്ത്രീകൾ. ഈ കഥയിൽ അങ്ങനെയുള്ള ഒരു മുഖമാണ് മുംതാസ് സുൽഫിക്ക്. അച്ഛനും മക്കളും തമ്മിലുള്ള സ്നേഹസംഭാഷണത്തിനിടയിൽ "പോയി പഠിക്കൂ" എന്നുപറഞ്ഞ്

ISSN No: 3049-0316

മക്കളെ മാറ്റിവിടുന്ന, ഒരാഴ്ചക്കുശേഷം വരുന്ന ഭർത്താവിനോടൊപ്പം ഇരുന്ന് സംതൃപ്തിയോടെ ഭക്ഷണം കഴിക്കാനുള്ള മനസ്സുകാണിക്കാത്ത ഭാര്യയുടെ കഥാപാത്രം നമ്മുടെ സമൂഹത്തിലുള്ള പലരിൽ ഒരാളാണ്. ഞാൻ നിസ്കരിച്ചില്ല എന്നു പറഞ്ഞു വീണ്ടും നിസ്കരിക്കാൻ മുംതാസ് പോകുമ്പോൾ മതം വിശ്വാസത്തിനുമപ്പുറം ആചാരാനുഷ്ഠാനങ്ങളിൽ മുഴുകുന്നു. സാരിയിൽനിന്ന് പർദ്ദയിലേക്കുള്ള വേഷപ്പകർച്ച സാമൂഹികതലത്തിലും മാനസികതലത്തിലും മതം എത്രത്തോളം ആഴത്തിലുണ്ട് എന്നു വെളിപ്പെടുത്തുന്നുണ്ട്. ഇന്നത്തെ കാലഘട്ടത്തിൽ മതബോധനരീതികൾ ഇത്തരം മാനുഷികഭാവം ഇല്ലാത്ത സ്ത്രീകളെയാണോ സൃഷ്ടിക്കുന്നത് എന്ന സംശയം ഈ കഥാഭാഗം ഉന്നയിക്കുന്നുണ്ട്. അക്കാദമിക തലത്തിലിൽ ഉയർന്നാലും മാനുഷികതലങ്ങളിലേക്ക്, മാനവികതയിലേക്കുയരാൻ മനസ്സ് വിശാലമാക്കാൻ നിലവിലുള്ള വിദ്യാഭ്യാസത്തിന് സാധിക്കുന്നില്ല എന്നും കഥ ചൂണ്ടികാണിക്കുന്നു.

## ലൈംഗികത

മനുഷ്യനു മാത്രമല്ല സർവ ജീവജാലങ്ങളുടെയും അടിസ്ഥാനചോദനയാണ് ലൈംഗികത. അർഹമായിട്ടും നിഷേധിക്കപ്പെടുന്നുവെങ്കിൽ അതിനേക്കാൾ, സ്വന്തം അസ്തിത്വത്തെ ചോദ്യം ചെയ്യുന്ന മറ്റൊന്ന് ഉണ്ടാവാൻ തരമില്ല. കഥയിൽ സ്വതന്ത്രവിഹാര സ്വേച്ഛാവേളയായി വിവാഹത്തെ കാണുന്ന ഡോ. അജ്മലിനെ ഭാര്യയുടെ ചെയ്തികൾ നിരാശനാക്കുന്നു. താൻ അപമാനിക്കപ്പെട്ടവനായി പലപ്പോഴും അദ്ദേഹത്തിനു തോന്നുന്നുമുണ്ട്. മതാചാരങ്ങളുടെ പേരിലുള്ള രതിനിഷേധത്തെക്കുറിച്ച് കഥയിൽ വിശദമായി കഥാകൃത്ത് പറയുന്നുണ്ട്.

"രതിബാഹ്യലീലകൾക്കിടയിലാവും പെട്ടെന്ന് വാങ്ക് കൊടുക്കുക, തൊട്ടടുത്ത പള്ളിയിൽ നിന്ന്. അവൾ പെട്ടെന്ന് ഞെട്ടിപ്പിടച്ചെഴുന്നേറ്റുകൊണ്ടു പറയും. "അയ്യോ നിസ്കരിച്ചില്ല ളുഹറ് ഖളാഅ ആയി റബ്ബേ." ഒരിക്കൽ അയാൾ തന്റെ കേസ് നോട്ട്ബുക്കിൽ ഇങ്ങനെ എഴുതി. "പുരുഷനോളം അരക്ഷിതനായ ഒരു മൃഗം ഭൂമിയിലില്ല. കുഞ്ഞ് ഉണ്ടാകുന്നതോടെ ഇണ അയാളെ മാറ്റി നിർത്തുന്നു. മുറ്റത്ത് വിരിഞ്ഞുപന്തലിച്ചു നിൽക്കുന്ന കുറ്റിമുല്ലയുടെ ചെടി പെട്ടെന്ന് ഒരു ചൂലായി വീടിന് മൂലയിൽ വസിക്കുന്നതുപോലെ, പെട്ടെന്ന് ഇണ ഒരു ഫാക്ടറിയായി രൂപപ്പെടുന്നതു കാണാം, ഒരു കുടുംബ ഫാക്ടറി. എത്ര തന്നെ കൊണ്ടുപോയി ഇട്ടാലും ആ ഫാക്ടറിയിൽ നിന്ന് പരാതിയുടെ സൈറൺ മാത്രം മുഴങ്ങിക്കൊണ്ടിരിക്കും. സ്നേഹവും യഥാർഥ പ്രണയവുമില്ലാത്തിടത്തെ രതി, സ്വയംഭോഗത്തെക്കാൾ എത്രയോ തരംതാണതാണെന്ന് ഒരിക്കൽ തന്റെ നിഗമനമായി എഴുതി.

രതിയെ ആസ്വദിച്ച് കഴിക്കുന്ന ഭക്ഷണത്തോട് സാദൃശ്യപ്പെടുത്ത ഭാഗം. "ഏറ്റവും സുന്ദരമായി ആസ്വദിച്ച് ഭക്ഷണംകഴിക്കുക എന്നതിനർത്ഥം, ഏറ്റവും സുന്ദരമായി രതിയിൽ ഏർപ്പെടുക എന്നതാണെന്ന് കഥാകൃത്ത് പറയുന്നു.

"രുചിയുള്ള ഒരു കറി, വെന്ത ചോറ് അത് ആസ്വദിച്ച് കണ്ണുകളടയ്ക്കും. അതു സാമാന്യമായ ബുദ്ധിയുള്ള ഏതെങ്കിലും സ്ത്രീ ആ തീറ്റ ഒളിഞ്ഞുനോക്കി നിന്നാൽ അവർക്ക് രതിവിചാരം ഉണരും. ഉദാഹരണത്തിന് ചോറാണ് കഴിക്കുന്നതെന്ന് വിചാരിക്കുക. ഡോ. അജ്മൽ ചെയ്യുക ആദ്യം ആ ചോറിനെ ഒന്ന് സൂക്ഷ്മമായി നോക്കി സ്നേഹപൂർവം മന്ദഹസിക്കും. എന്നിട്ട് അസാമാന്യ വലുപ്പമുള്ള തന്റെ കൈപ്പത്തികൊണ്ട് ആ തൂവെള്ള ചോറിനെ പ്ലേറ്റിന്റെ അരികിൽനിന്ന് മധ്യഭാഗത്തേക്ക് ഒതുക്കും. ആ ഒതുക്കൽ നഗ്ന ഭാഗങ്ങളിൽ മൃദുവായി തലോടിയോ മനിക്കുന്ന ഒരു നല്ല കാമുകനെ ഓർമ്മിപ്പിക്കും. അത്തരമൊരു ലാളനയേൽക്കുന്നതോടെ ഓരോ വറ്റും കണ്ണടച്ച് ഏതോ നിർവൃതിയാൽ ആഹ്ലാദപൂർവം അജ്മലിനായി ചെരിഞ്ഞൊതുങ്ങി കിടക്കും. ആ ലാളനകൾക്കു ശേഷം പ്ലേറ്റിൽ ഇങ്ങേത്തലക്കൽ ശ്രദ്ധയോടെ കറി തൂവും. എന്നിട്ട് തന്റെ വിരലുകൾ സൂക്ഷ്മരതികേന്ദ്രത്തെ തലോടുംപോലെ കുഴയ്ക്കും. ഓരോ വറ്റും അയാളെ അറിഞ്ഞേ അകത്തേക്ക് പോകു രതിവേഴ്ച പോലെ.

വിശപ്പിന്റെ രാഷ്ട്രീയമെന്നത് - ചോറ്, കറി എന്ന മിനിമലിസത്തിൽനിന്ന് മാറി ആവശ്യമില്ലാത്തതും വലിച്ചുവാരി ഭക്ഷിക്കുക എന്ന ഭക്ഷണശീലത്തിന്റെ അരാഷ്ട്രീയതയെയും ഈ കഥ വിശകലനം ചെയ്യുന്നുണ്ട്. രാഷ്ട്രീയം, മതം എന്നിവയിലൊക്കെയുള്ള വിശ്വാസം അമിതമായാൽ ഉണ്ടാകുന്ന അന്ധതയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് നമുക്കറിയാം. അന്ധരാഷ്ട്രീയത്തിൽ വിശ്വസിക്കുന്ന

വാല്യം 1 ലക്കം 4 ജൂൺ 2025 ISSN No: 3049-0316


ഒരാൾ തങ്ങളുടെ നേതാക്കൾ ചെയ്യുന്ന ഏതൊരു തെറ്റും ന്യായമാണെന്ന് വിശ്വസിക്കുന്നവരാണ്. അത്തരത്തിലുള്ള ഒരു പ്രതിഭാസം മതവിശ്വാസത്തിന്റെ കാര്യത്തിലുമുണ്ട്. താൻ വിശ്വസിക്കുന്ന ആചാരത്തിലെ തെറ്റും ശരിയും എല്ലാം ന്യായമാണെന്ന ധാരണ, വിവേചനപൂർവ്വം ചിന്തിക്കാനുള്ള ശേഷിയെത്തന്നെ ഇല്ലാതാക്കുന്നു. ഇവയൊക്കെ വ്യക്തിജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും ഏൽപ്പിക്കുന്ന ആഘാതങ്ങൾ ചെറുതല്ല. നമ്മൾ പോലും അറിയാതെ നമ്മുടെ ജീവിതത്തെ ഇവയൊക്കെ എങ്ങനെ നിയന്ത്രിക്കുന്നു, നമ്മുടെ ജീവിതം എങ്ങനെ നമ്മുടേതല്ലാതായി മാറുന്നു എന്നതിന്റെ തെളിവാണ് ഈ കഥ.

കഥാകൃത്തിന്റെ തന്നെ ഭാഷയിൽ പറഞ്ഞാൽ, മതമല്ല ആത്മീയതയാണ് നമുക്കാവശ്യം. ആത്മീയത എന്നത് മറ്റുള്ളവരുടെ സന്തോഷത്തിൽ പങ്കുചേരാൻ സാധിക്കുക എന്നതാണ്. ശ്രീനാരായണ ഗുരുവിന്റെ വാക്കുകൾ കടമെടുത്താൽ അവനവൻ ആത്മസുഖത്തിനായി ആചരിക്കുന്നവ അപരനും സുഖത്തിനായി വരേണം എന്നതുപോലെയും ബൈബിളിൽ പറഞ്ഞിരിക്കുന്നതുപോലെ നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്നതുമാണ് ആത്മീയത. ചുരുക്കിപ്പറഞ്ഞാൽ സ്നേഹിക്കുക, ചേർത്തു നിർത്തുക എന്നുള്ളതാണ് ആത്മീയത.

## വിദ്യാഭ്യാസം

ഈ കഥയിൽ വളരെ ചെറുതെന്നു തോന്നുന്ന ഒരു സന്ദർഭത്തിൽ ആണെങ്കിൽ കൂടി വിശകലനം ചെയ്യപ്പെടേണ്ടുന്ന ഒരു വലിയ വിഷയമാണ് സമകാലിക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്താണെന്നത്. മാർക്ക് നേടുക, തൊഴിൽ ലഭിക്കുക എന്നതിനുപരി, മാനവികതയിലേക്ക് വിദ്യാർത്ഥികളെ ഉയർത്താൻ ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിന് കഴിയുന്നില്ല എന്നത് കഥാപാത്രസംഭാഷണങ്ങളിലൂടെ കഥാകൃത്ത് പറയാതെ പറയുന്നുണ്ട്.

"നിനക്ക് ബുദ്ധിയില്ലേ?" -

എനിക്ക് എം.എ.യ്ക്ക് റാങ്കുണ്ട്. യു.ജി.സി ഒരു തവണയേ എഴുതേണ്ടിവന്നിട്ടുള്ളൂ.

ക്രമേണ സാരി മാറി അവൾ പർദ്ദയിലേക്ക് കടന്നു.

സ്ത്രീക്കും പുരുഷനും ഇടയിലുണ്ടാവുന്ന സ്നേഹരാഹിത്യത്തെക്കുറിച്ച്, അരക്ഷിതാവസ്ഥയെക്കുറിച്ച്, ഒറ്റപ്പെടലിനെക്കുറിച്ച്, മനുഷ്യനായി ജീവിക്കാനുള്ള ഒരുവന്റെ അദമ്യമായ ആഗ്രഹത്തെക്കുറിച്ചൊക്കെ സൂചിപ്പിക്കുന്ന ഒരു കഥയാണിത്. അജ്മലിന്റെ ഡയറിക്കുറിപ്പുകളിൽ നിറയുന്നത് നൈസർഗ്ഗികമായ നിരീക്ഷണങ്ങളാണ്. മനുഷ്യനെ അന്വേഷിക്കുന്ന മറ്റൊരു മനുഷ്യന്റെ മാനസിക ദാഹം നമുക്ക് കാണാം.

മനുഷ്യനും മനുഷ്യനും തമ്മിലുള്ള പാരസ്പര്യം നഷ്ടമായിരിക്കുന്നു എന്ന തിരിച്ചറിവും ഈ കഥ നമുക്ക് നൽകുന്നു.

കഥ തുടങ്ങുന്നതുതന്നെ ആദ്യരാത്രിയിൽ ഭാര്യയോട് തന്റെ ഒറ്റപ്പെടലിനെക്കുറിച്ച് പറഞ്ഞു കൊണ്ടാണ്.

"എന്റെ ഉമ്മ ചെറുപ്പത്തിലേ മരിച്ചുപോയി. ഒരു ഉമ്മയുടെ ലാളനയേൽക്കാതെയാണ് ഞാൻ ജീവിച്ചത്. ഞങ്ങളുടേത് ഒരു വാടകവീടായിരുന്നു. സമയം കിട്ടുമ്പോഴൊക്കെ പഠനത്തിനിടയിൽ ജോലി ചെയ്താണ് ഞാൻ കുടുംബത്തെ സഹായിച്ചത് " - എന്ന് ഡോ. അജ്മൽ പറയുന്നു. അമ്മയ്ക്ക് പകരം ആൾ വന്ന സമാധനത്തിൽ അന്ന് നന്നായി ഉറങ്ങിയ ഡോക്ടർക്ക് തുടർന്ന് ഉറക്കമില്ലാത്ത രാത്രികളായിരുന്നു. അടുത്തിരിക്കാൻ ആളില്ലാതെ പോയ ഒരാളുടെ നിസ്സഹായതയും ഒറ്റപ്പെടലും കഥയുടെ രംഗവിതാനമായി ഉടനീളം വർത്തിക്കുന്നുണ്ട്.

അരക്ഷിതമായ ബാല്യത്തിലൂടെ കടന്നുവരുന്ന ഏതൊരാളും ജീവിതത്തിൽ ചിലപ്പോഴെങ്കിലും ദുർബലരായിപ്പോകാറുണ്ട്. അരികിൽ ചേർന്നിരിക്കാൻ കൂടെ ഒരാൾ ഉണ്ടായിരുന്നെങ്കിലെന്ന് ആഗ്രഹിച്ചുപോകുന്ന നിമിഷങ്ങളുണ്ട്. അരികിൽ ഒന്നു ചേർന്നിരിക്കാൻ, കൂടെ ഒരാൾ ഉണ്ടെന്ന തോന്നലുണ്ടാക്കാൻ കഴിയാത്തിടത്തോളം തിരക്കേറിയ ജീവിതസാഹചര്യങ്ങളുമായി പോകുന്നവരോട്,

ISSN No: 3049-0316

സമയം ഉണ്ടായിട്ടും പലവിധ കാരണങ്ങളാൽ ചേർന്നിരിക്കാത്തവരോട് കഥയുടെ തലക്കെട്ട് വളരെയധികം സംസാരിക്കുന്നുണ്ട്. ആരോ അകന്നിരിക്കുന്നു, ഒന്ന് അടുത്തേക്ക് വരൂ എന്നൊരു സ്നേഹവിളിയുടെ ധ്വനി ഈ പേരിലുണ്ട്. സ്നേഹം കൊതിക്കുന്ന ഏതൊരു വായനക്കാരന്റെയും ഹൃദയത്തിൽ ഇടംനേടാൻ മാത്രമുള്ള വശ്യത ഈ തലക്കെട്ടിലൂടെ തന്നെ കഥ സ്വന്തമാക്കിയിരിക്കുന്നു.

എന്നാൽ മുംതാസിന്റെ ജീവിതത്തെ നയിക്കുന്നതുതന്നെ തന്റെ മതാധിഷ്ഠിതമായ വിശ്വാസമാണ്. എപ്പോഴും മതാനുഷ്ഠാനങ്ങൾ അവർക്കിടയിൽ മൗനമായ യുദ്ധക്കളങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. ജീവിതത്തിലുടനീളം ഇടപെടുന്ന മതം അവരുടെ കുടുംബജീവിതത്തെ അരക്ഷിതമാക്കുന്നുണ്ട്. മുംതാസിന് തന്റെ രതിജീവിതം പോലും മതത്തിൽ നിന്നും മുക്തിനേടി ആസ്വദിക്കാൻ സാധിക്കുന്നില്ല.

അനാഥത്വം നിറഞ്ഞതും സംഘർഷഭരിതവുമായ ബാല്യകാലമാണ് ഡോക്ടറുടേത്. "ഡോ. അജ്മൽ ഹുസൈൻ എന്ന് നെയിം പ്ലേറ്റിലെ പേരൊക്കെ കേൾക്കുമ്പോൾ നമ്മൾ വിചാരിക്കുക, സത്യത്തിൽ വായിൽ വെള്ളിക്കരണ്ടിയുമായി ജനിച്ച ഒരാളെന്നാണ്. എന്നാൽ ചെവിയിൽ തെറിവാക്കുകളുമായാണ് അയാൾ ജനിച്ചത്. ദാരിദ്ര്യവും താൻപ്രമാണിത്തവും അയാളുടെ വീട്ടിൽ ദുരിതങ്ങളും അസമാധാനവും മാത്രം സമ്മാനിച്ചു. ഈ ജീവിതാവസ്ഥയിൽനിന്നു മോചനം നേടുന്നതിനാണ് ഡോക്ടറായതെന്ന് ഒരിക്കൽ അയാൾതന്നെ പറഞ്ഞിട്ടുണ്ട്. തന്റെ ജീവിതത്തിലെ അധമാവസ്ഥയെ അജ്മൽ മറികടക്കുന്നത് ശാസ്ത്രാധിഷ്ഠിതമായ വൈദ്യശാസ്ത്രബിരുദം നേടിയാണ്. അതുകൊണ്ടു തന്നെയാണ് മതബോധം പകരുന്ന അയുക്തികതയെയും അന്ധമായ മതവിശ്വാസത്തെയും തിരസ്കരിക്കാൻ അജ്മലിനാവുന്നത്.

കഥയുടെ ആദ്യഭാഗത്ത് ഡോ. അജ്മൽ അത്രയേറെ തിരക്കുകളുള്ള ഡോക്ടറായിരുന്നില്ല. എന്നാൽ രോഗികളുടെ അന്തരാത്മാവിലും ആന്തരീകശരീരത്തിലും ദൃഷ്ടിയൂന്നുന്നതിൽ മിടുക്കനായിരുന്നു. അദ്ദേഹം കുറഞ്ഞ മരുന്നുകൾക്കെഴുതി. അനാവശ്യ ടെസ്റ്റുകൾ ഒഴിവാക്കി. രോഗികളെ തള്ളിക്കയറ്റുന്ന മാസ്മരിക വിദ്യകളിൽനിന്ന് ബോധപൂർവം ഒഴിഞ്ഞുനിന്നു. സമയം കിട്ടുമ്പോഴൊക്കെ തന്റെ വൈദ്യശാലയിൽ വരുന്ന പുതിയ പുതിയ നിരീക്ഷണങ്ങളെയും തിരുത്തലുകളെയും പഠിച്ചു. തിരക്കുകളിഷ്ടപ്പെടാത്ത ഡോ. അജ്മലിൽനിന്ന് കഥാവസാനത്തിലെത്തുമ്പോൾ തിരക്കേറിയ നെഫ്രോളജിസ്റ്റിലേക്കു മാറുന്നു. ഈ മാറ്റം വാണിജ്യ വൽക്കരിക്കപ്പെടുന്ന സമകാലിക ഇന്ത്യയുടെ, കേരളത്തിന്റെ, മനുഷ്യന്റെ പ്രതിരൂപമാണ്.

## സഹായകഗ്രന്ഥങ്ങൾ

1. എൽ.വി ഹരികുമാർ, ഉപദ്ധ്വനി 32-ാം പിറന്നാൾ പതിപ്പ്, 2020, തിരുവനന്തപുരം.
2. ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്, 'അരികിൽ നീ ഉണ്ടായിരുന്നെങ്കിൽ' , മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2022, ഏപ്രിൽ 2.
3. ജി. മധുസൂദനൻ, 2015, ഭാവുകത്വം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ, കറന്റ് ബുക്സ്, കോട്ടയം.